# ബെയൂലാദേശം (Land of Beulah)




ഭക്തർക്ക് ഭൂമിയിൽ വച്ചു തന്നെ ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ടാകുന്നു. യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചകാലം മുതൽ മരിക്കുന്നതുവരെയും വിശ്രമമില്ലാതെ സുവിശേഷ വയലിൽ പോരാടിയ ധീരവനിതയാണ് ബെഥേൽ ആശ്രമസ്ഥാപകയും അദ്ധ്യാപികയുമായ സാറാമ്മകൊച്ചമ്മ,.വിശ്രമരഹിതമായ സുവിശേഷയാത്രകളിൽ ഏകയായി സഞ്ചരിക്കേണ്ടിവന്നപ്പോഴും ദൈവിക കരുതലും പരിപാലനവും കൊച്ചമ്മയ്ക്കുണ്ടായിരുന്നു. ഒരിക്കൽ ഭാരമുള്ള രണ്ട് ബാഗുമായി നടന്ന് ക്ഷീണിച്ചിട്ടും ആശ്രമത്തിലെത്താൻ കൊച്ചമ്മ റിക്ഷാവിളിച്ചില്ല. അത് കർത്താവിന്റെ വേലക്കായി സൂക്ഷിച്ചു. നടക്കുവാൻ കഴിയാതെ ബാഗുകൾ താഴെവച്ച് ക്ഷീണിച്ചു നിൽക്കുന്ന കൊച്ചമ്മയുടെ അടുക്കലേക്ക് ഒരു ചെറുപ്പക്കാരൻ എത്തി ബാഗുകൾ എടുത്തു, എവിടെ പോകണം എന്നു ചോദിച്ചു. സ്ഥലം കേട്ടതും അദ്ദേഹം ആ ദിശയിലേക്ക് നടന്നു. അദ്ദേഹം വന്നപ്പോൾ മുതൽ കൊച്ചമ്മ ഒരു ദിവ്യ സാന്നിദ്ധ്യം അനുഭവിച്ചിരുന്നു. ആശ്രമത്തിന്റെ വാതിക്കലെത്തിയ അദ്ദേഹം ഒരു നന്ദി വാക്കുപോലും കേൾക്കാൻ നില്ക്കാതെ അപ്രത്യക്ഷമായി . ഒരു ദൂതനെ ദൈവം അയച്ചത് തന്റെ മകളെ സഹായിപ്പാനായിരുന്നു എന്നാണ് കൊച്ചമ്മ പറഞ്ഞത്. ആർക്കാണ് സഹായം ലഭിച്ചത് ? ദൈവീകതിരഞ്ഞെടുപ്പ് സ്വീകരിച്ച നിർമ്മലകന്യകയ്ക്കാണ് സഹായം ലഭിക്കുന്നത് . കാന്തൻ നമ്മെക്കുറിച്ച് വളരെ ശ്രദ്ധാലുവാകയാൽ അവൻ നമ്മിൽ സന്തോഷിക്കുവാൻ തക്കവണ്ണം നമുക്കും സഭയായും, വ്യക്തികളായും കാന്തയ്ക്ക് യോജ്യമായ ജീവിതം നയിക്കാം.

യെശ(62:4)ൽ നിന്റെ ദേശത്തിന് ബെയൂലാ (വിവാഹസ്ഥ) എന്ന് പേർ ആകും; യഹോവെക്കു നിന്നോടു പ്രിയമുണ്ടല്ലോ. നിന്റെ ദേശത്തിന് വിവാഹം

കഴിയും എന്ന് കാണുന്നു. കാന്തൻ തന്റെ കാന്തയെ സകലനന്മകളാലും നിറയ്ക്കുമ്പോഴാണ് കാന്തയുടെ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകുന്നത്.

യെറുശലേം ദൈവത്തിന്റെ മഹത്വത്താലും നീതിയാലും നിറയപ്പെടുന്ന ദിവസത്തെക്കുറിച്ച് ഈ അദ്ധ്യായത്തിൽ വ്യക്തമാക്കുന്നു. യെറുശലേമിന്റെ പഴയ അവസ്ഥയ്ക്ക് മാറ്റം വരുത്തി ദൈവം തന്റെ ഉടമ്പടി പുതുക്കി അവരെ യഥാസ്ഥാനപ്പെടുത്തുന്നു എന്ന് യെശ 62:4 ൽ കാണുന്ന പേരുകൾ വ്യക്തമാക്കുന്നു. അവർ ഇപ്പോൾ അസൂബ(ത്യക്ത) എന്ന് അറിയപ്പെടുമ്പോൾ അവരുടെ ദേശവും ശൂന്യതയിലാണ് .എല്ലാവരാലും ത്യജിക്കപ്പെട്ട ഒരു വ്യക്തിയ്ക്ക് മുമ്പിൽ സകലവും ശൂന്യമായി തോന്നും. എന്നാൽ നമ്മെക്കുറിച്ച് ശ്രദ്ധാലുവായ ഒരു കാന്തനാണ് നമ്മുടെ വീണ്ടെടുപ്പുകാരൻ അവൻ സഹായകനായി എത്തും സംശയം വേണ്ട.

ഉദാഹരണമായി ഉല്പത്തി (16:4-14) വരെയുള്ള വാക്യങ്ങളിൽ അബ്രാഹാമിൽ നിന്ന് ഗർഭം ധരിച്ച ദാസിയായ ഹാഗാറിന്റെ കണ്ണിൽ യജമാനത്തി നിന്ദിതയായി എന്ന് കാണാം . എന്നാൽ സാറാ അവളോട് കാഠിന്യം തുടങ്ങിയപ്പോൾ ഹാഗാർ താൻ അസൂബ എന്ന് മനസിലാക്കി അവളെ വിട്ട് ശൂരിന് പോകുന്ന വഴിയെ ഓടി. ശൂർ(മതിൽ) തടസ്സങ്ങളുടെ വഴി ആകുമ്പോൾ വഴിയിലുള്ള നീരുറവിന്നരികെ വെച്ചുതന്നെ യഹോവ അവളെ പേരു ചൊല്ലി വിളിച്ചു. ഞാൻ നിന്റെ സങ്കടം കേട്ടു എന്ന് പറഞ്ഞ് അവളെ അനുഗ്രഹിച്ചു .പ്രിയരേ! നമുക്കും ജീവിതത്തിൽ അസൂബ അഥവാ ത്ര്യജിക്കപ്പെട്ട അവസ്ഥയിലാകേണ്ടി വന്നിട്ടില്ലേ.

നമ്മുടെ മുൻപിൽ സകലവഴികളും അടഞ്ഞ് ശൂന്യതയിലായി എന്ന് തോന്നിയിട്ടില്ലേ. ഭയപ്പെടേണ്ട അവൻ നമ്മെ കാണുന്നുണ്ട്. ഹാഗാർ പറഞ്ഞത് ശ്രദ്ധിക്കുക (ഉല്പ 16:13) " എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ" . നമ്മെ കാണുന്നവൻ ഇനി നമ്മെ ' അസൂബ 'എന്ന പേരിൽ അറിയപ്പെടുവാൻ സമ്മതിക്കുന്നില്ല. ഇനി നാം അറിയപ്പെടുന്നത് ഹെഫ്സീബ (ഇഷ്ട) എന്നാണ്. അവൻ നമ്മിൽ സന്തോഷിക്കുന്നു. യഹോവയക്ക് പ്രീയമുണ്ടായ ദേശത്തെ ഇനി ബെയൂല (വിവാഹസ്ഥ) എന്ന പേരിലറിയപ്പെടും. അതായത് യഹോവയുടെ വായ്കല്പിക്കുന്ന പുതിയ പേര് വിളിക്കപ്പെടുകയും, ദൈവത്തിന്റെ കയ്യിൽ രാജമുടിയും (അധികാരചിഹ്നം) ആയിരിക്കും .അതേ ! നമ്മെ തിരഞ്ഞെടുത്ത് അവസ്ഥമാറ്റിയത് ദൈവകൃപമൂലമാണ്. ജ്ഞാനമുള്ളതിനെയും ബലമുള്ളതിനെയും ലജ്ജിപ്പിപ്പാൻ ദൈവം നമ്മെ തിരഞ്ഞെടുത്തു.

ഇതിനുശേഷം നമ്മുടെ കാന്തൻ നമ്മെ അനുഗ്രഹിച്ചു. Read യിരെ : (32:37-44)

ദേശത്തിന്റെ വിവാഹം കഴിഞ്ഞു. " Thy land shall be married" means favoured and blessed of the Lord. എപ്രകാരം ദേശം അനുഗ്രഹിക്കപ്പെട്ടു എന്നറിവാൻ Read യെശ: (62:6-12)

ഈ അനുഗ്രഹിക്കപ്പെട്ട പട്ടണത്തിൽ (ബെയൂലാദേശത്ത്) എത്തേണ്ടവർ കറ (പാപം) വാട്ടം (മന്ദത), മാലിന്യം, ചുളുക്കം (ശക്തിഇല്ലായ്മ) മുതലായവ ഇല്ലാത്തവരായിത്തീരേണം.

പുറത്തേക്കു നോക്കിയാൽ പല നല്ല ഫലവൃക്ഷങ്ങളും അല്ലാത്തതും കാണാം. നല്ല വിലയുള്ള തടികളും കാണാം . എന്നാൽ ജീവവൃക്ഷം കാണേണ്ട വർ ബെയൂലാദേശത്തിന് ഓഹരിക്കാരാകേണം. ഭൂമിയിൽ പലസുന്ദരങ്ങളായ നദികൾ ഉണ്ട് എന്നാൽ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്ന് പുറപ്പെടുന്നതായി പളുങ്കുപോലെയുള്ള ശുഭ്രമായ ജീവജലനദി കാണേണ്ട വർ ഈ മനോഹരദേശത്തിന്റെ ഓഹരിക്കാരാകേണം. Read വെളി :(22:1,2) ഓഹരിക്കാരാകുന്നവരുടെ പേർ ജീവപുസ്തകത്തിൽ ഉണ്ടായിരിക്കും. Read വെളി :(21:27) അവിടെ എത്തുന്നവക്ക് യാതൊരുശാപവു ഉണ്ടാകുന്നില്ല. ഇന്നു വരെ വിശ്വാസത്തിലാരാധിച്ചവർ അന്ന് താതന്റെ മുഖം കണ്ട് ആരാധിക്കുന്ന പദ വിയിലാകുന്നു. അവന്റെ നാമം അവരുടെ നെറ്റിയിലും ഉണ്ടാകും.

പ്രീയരേ! മണവാട്ടി സഭ ഒരുങ്ങേണ്ട സമയം തീരാറായി വരുന്നു എന്ന് അടയാളങ്ങൾ മുന്നറിയിപ്പുതരുന്നു. എന്നാൽ ഇന്നത്തെ ഭൂരിപക്ഷവും അവ രുടെ സ്ഥായിയായ ഭാവത്തിന് മാറ്റം വരുത്താതെ അലക്ഷ്യമായി മുൻപോട്ട് പോകുന്നു. വെളി 22:12 ൽ പറയുന്നതുപോലെ വേഗം വരുന്നവന്റെ കയ്യിൽ നിന്നും പ്രതിഫലം വാങ്ങുന്നവരാകുവാൻ ദൈവംകൃപചെയ്യട്ടെ. ഇപ്രകാരം ബെയൂലാദേശത്തെ അനുഗ്രഹങ്ങൾക്ക് ഓഹരിക്കാരാകുവാൻ ദൈവം സഹായി ക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind